**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഒന്നാം ക്ലാസ്സ് പ്രവേശന പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് 6 വയസ്സ് തികയണമെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ വിദ്യാഭ്യാസത്തെ എപ്രകാരം ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ആറ് വയസ്സ മുതൽ പതിനാല് വയസ്സ വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നാണ് വ്യവസ്ഥ. എന്നാലും, കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സ് പ്രവേശനത്തിന് ആറ് വയസ്സ് പൂർത്തിയാകണമെന്ന് നിലവിൽ നിഷ്കർഷിക്കുന്നില്ല. |
| (ബി) | സംസ്ഥാനത്ത് നിലവിലുള്ള പ്രായപരിധിയിൽ തന്നെ സ്കൂൾ പ്രവേശനം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് കെ.ഇ.ആർ-ലെ വ്യവസ്ഥകൾ പ്രകാരം തന്നെയാണ് സ്കൂൾ പ്രവേശനം നടത്തിക്കൊണ്ടിരിക്കുന്നത് |

സെക്ഷൻ ഓഫീസർ